# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് മുപ്പത്തിമൂന്ന്

## ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ഏഴു കണ്ണുകളോടുകൂടിയ കല്ല്

Sat

### കൊത്തുപണിചെയ്യപ്പെട്ട കല്ല്

സെഖര്യാവ് 3:9 പറയുന്നു, "ഞാൻ യോശുവയുടെ മുമ്പിൽ വച്ചിരിക്കുന്ന കല്ലുണ്ടല്ലോ: ഒരു കല്ലിന്മേൽ ഏഴു കണ്ണുണ്ടായിരിക്കും; ഞാൻ അതിന്റെ കൊത്തുപണി കൊത്തും; ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്ന് സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്." കല്ലിനെ കൊത്തുപണി ചെയ്യുന്നതിനോടുള്ള പരാമർശം ഈ കല്ല് ക്രിസ്തുവാണെന്ന് ചൂണ്ടിക്കാണിക്കുന്നു. കല്ലിനെ കൊത്തുപണി ചെയ്യുന്ന ഈ വിഷയം മനസ്സിലാക്കുവാൻ പ്രയാസമാണ്. ചുരുക്കത്തിൽ, പണിയുന്ന കല്ലെന്ന നിലയിൽ കർത്താവായ യേശു ദൈവജനത്തിന്റെ അകൃത്യത്തിനുവേണ്ടി ദൈവത്താൽ ക്രൂശിന്മേൽ കൊത്തുപണി ചെയ്യപ്പെട്ടു, ഇടപെടപ്പെട്ടു. ഒരു ദിവസത്തിൽ, ക്രൂശിൽ വച്ചുള്ള ആ കൊത്തുപണിയാൽ, കർത്താവായ യേശു ദൈവജനത്തിന്റെ സകല പാപങ്ങളെയും നീക്കിക്കളഞ്ഞു. ഇത് "ഇതാ ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നു പറയുന്ന യോഹന്നാൻ 1:29-നു തുല്യമാണ്. ഏഴു കണ്ണുകളോടുകൂടിയ കല്ല് ക്രിസ്തു ആണെന്ന് സെഖര്യാവ് 3:9-ന്റെ അവസാനത്തെ പകുതിയാൽ നമുക്കറിയാം.

### ഏഴു കണ്ണുകളും ഏഴു വിളക്കുകളും

സെഖര്യാവ് 4:2 പറയുന്നു, "നീ എന്തു കാണുന്നു എന്ന് എന്നോടു ചോദിച്ചതിന്, മുഴുവനും പൊന്നുകൊണ്ടുള്ള ഒരു വിളക്കുതണ്ടും അതിന്റെ തലയ്ക്കൽ ഒരു കുടവും, അതിന്മേൽ അവന്റെ ഏഴു വിളക്കുകളും, ഏഴു വിളക്കുകൾക്ക് അതിന്റെ തലയ്ക്കൽ ഏഴു കുഴലുകളും എന്നു ഞാൻ പറഞ്ഞു"

(എബ്രായഭാഷ). സെഖര്യാവ് 3:9-ൽ പണിയുന്ന കല്ലിന് ഏഴു കണ്ണുകളുണ്ട്, ഈ വാക്യത്തിൽ നിലവിളക്കിന് ഏഴു വിളക്കുകൾ ഉണ്ട്. ഈ വിഷയത്തിൽ നാം നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നുവെങ്കിൽ, നിലവിളക്ക് കല്ലിനു സമമാണെന്ന് തീർച്ചയായും നാം മനസ്സിലാക്കും. കല്ലും നിലവിളക്കും, രണ്ടും ക്രിസ്തു ആണ്. നിശ്ചയമായും കല്ല് കെട്ടിടത്തിനുവേണ്ടിയും, നിലവിളക്ക് വെളിച്ചത്തിനുവേണ്ടിയും, പ്രകാശിപ്പിക്കുന്നതിനു വേണ്ടിയും ആണ്. കല്ലിന്മേൽ ഏഴു കണ്ണുകളുണ്ട്, നിലവിളക്കിൽ ഏഴു വിളക്കുകൾ ഉണ്ട്. ഇക്കാരണത്താൽ, നിലവിളക്കിന്റെ ഏഴു ദീപങ്ങൾ കല്ലിന്മേലുള്ള ഏഴു കണ്ണുകളായിരിക്കണം.

"അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു? അവ സന്തോഷിക്കുകയും ആ ഏഴിനോടുകൂടെ സെരുബ്ബാബേലിന്റെ കയ്യിലുള്ള തൂക്കുകട്ട കാണുകയും ചെയ്യും; അവ സർവഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഏഴു കണ്ണുകളാണ്" എന്ന് സെഖര്യാവ് 4:10-ലേക്കു പോകുമ്പോൾ നാം വായിക്കുന്നു. "അല്പകാര്യങ്ങളുടെ ദിവസത്തെ" പരാമർശിച്ചുകൊണ്ട് ഈ വാക്യം ആരംഭിക്കുന്നു. മനുഷ്യരുടെ കണ്ണുകളിൽ, കെട്ടുപണിയുടെ പ്രത്യുദ്ധാരം ഒരു വലിയ കാര്യമായിരുന്നില്ല. എങ്കിലും ആരും അതിനെ തുച്ഛീകരിക്കരുത്. അതുപോലെ, ഇന്ന് സഭാജീവിതത്തിന്റെ പ്രത്യുദ്ധാരം മനുഷ്യരുടെ ദൃഷ്ടിയിൽ ഒരു വലിയ കാര്യമല്ല. മറിച്ച് അത് ഒരു അല്പകാര്യമാണ്. എന്നാൽ ആരും അതിനെ തുച്ഛീകരിക്കരുത്. ഈ വാക്യം "ഏഴിനെ"ക്കുറിച്ചും സംസാരിക്കുന്നു; അത് വാക്യം 2-ലെ ഏഴു വിളക്കുകളെ പരാമർശിക്കുന്നു. പിന്നീട് "കണ്ണുകൾ" "സർവഭൂമിയിലും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഏഴു കണ്ണുകൾ" ആണെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു. ഏഴു കണ്ണുകളോടുകൂടി പണിയുന്ന കല്ല് യഹോവ, അഥവാ കർത്താവായ ദൈവം തന്നെയാണെന്ന് ഇതു തെളിയിക്കുന്നു.

## ദൈവത്തിന്റെ ഏഴ് ആത്മാക്കൾ

ഈ പരിജ്ഞാനത്തോടുകൂടെ നാം വെളിപ്പാട് പുസ്തകത്തിലേക്കു വരുന്നു. വെളിപ്പാടിൽ കാണുന്ന മിക്കവാറും അടയാളങ്ങളും മറ്റു നിർണ്ണായക കാര്യങ്ങളും പുതിയവയല്ല; അവ പഴയനിയമത്തിൽ കാണുന്ന കാര്യങ്ങളുടെ വികാസങ്ങളാണ്. വെളിപ്പാട് നാലും അഞ്ചും അധ്യായങ്ങളിൽ ഏഴു കണ്ണുകളുടെയും ഏഴു നിലവിളക്കുകളുടെയും പുതിയതും അത്ഭുതവുമായ ഒരു വികാസം നമുക്കുണ്ട്. വെളിപ്പാട് 4:5 പറയുന്നു, "സിംഹാസനത്തിൽനിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു." ഇവിടെ ഏഴു

ദീപങ്ങൾ നിലവിളക്കിന്മേലല്ല, പിന്നെയോ സിംഹാസനത്തിന്റെ മുമ്പിലാണ് ജ്വലിച്ചുകൊണ്ടിരിക്കുന്നത് എന്നത് ശ്രദ്ധിക്കുക. സിംഹാസനത്തിനുമുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്. സെഖര്യാവ് മൂന്നും നാലും അധ്യായങ്ങളിൽ നമുക്ക് ഏഴു കണ്ണുകളും ഏഴു വിളക്കുകളും ഉണ്ടെങ്കിലും ഏഴ് ആത്മാക്കൾ ഇല്ല. എന്നാൽ വെളിപ്പാടിൽ, ഏഴു വിളക്കുകൾ ഏഴു ആത്മാക്കളായി വികാസംപ്രാപിച്ചിരിക്കുന്നു. ഇവിടെ നമുക്ക് ഏഴ് ആത്മാക്കളെന്ന നിലയിൽ ഏഴു വിളക്കുകളുടെ പുതിയതും അധികവുമായ ഒരു വികാസമുണ്ട്. ഏഴു വിളക്കുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണെന്ന് 4:5-ൽ വ്യക്തമായി നമ്മോടു പറഞ്ഞിരിക്കുന്നു.

വെളിപ്പാട് 5:6 പറയുന്നു, "സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്." ഇവിടെ കുഞ്ഞാടിന് ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ഏഴു കണ്ണുകൾ ഉണ്ട്. 4:5-ൽ ഏഴു വിളക്കുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്, 5:6-ൽ കുഞ്ഞാടിന്റെ ഏഴു കണ്ണുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്. ഇവിടെ നമുക്ക് സെഖര്യാപുസ്തകത്തിൽനിന്ന് അധികമായ ഒരു വികാസമുണ്ട്: ഏഴു കണ്ണുകൾ കല്ലിന്മേലുള്ള ഏഴു കണ്ണുകൾ മാത്രമല്ല, പിന്നെയോ കുഞ്ഞാടിന്റെ ഏഴു കണ്ണുകളും ആണ്. കുഞ്ഞാടിന്റെ ഏഴു കണ്ണുകൾ സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്. ഇത് സെഖര്യാവ് 4:10-നോടുള്ള ഒരു പരാമർശമാണ്; കർത്താവിന്റെ ഏഴു കണ്ണുകൾ "സർവഭൂമിയിലും ഊടാടിച്ചെല്ലുന്നു" എന്ന് അവിടെ നമ്മോടു പറഞ്ഞിരിക്കുന്നു. സെഖര്യാവ് 3-ലും 4-ഉം കല്ലിന്റെ ഏഴു കണ്ണുകളെയും, നിലവിളക്കിന്റെ ഏഴു വിളക്കുകളെയും, കർത്താവിന്റെ ഏഴു കണ്ണുകളെയും നാം കാണുന്നു. അങ്ങനെ, കർത്താവ് കല്ലാണ്, കല്ല് നിളവിളക്കും ആണ്. കല്ല് നിലവിളക്കും, ദൈവമായ കർത്താവുതന്നെയും ആണ്. ഇവ മൂന്നും—കർത്താവും, നിലവിളക്കും, കല്ലും—ഒന്നാണ്. സെഖര്യാവിൽ, ഏഴു കണ്ണുകൾ ഏഴു വിളക്കുകളാണെന്ന് നാം കാണുന്നു. എന്നാൽ വെളിപ്പാടിലെ വികാസത്തിലേക്കു നാം വരുമ്പോൾ ഏഴു വിളക്കുകൾ കേവലം നിലവിളക്കിന്മേലല്ല, പിന്നെയോ സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചു കൊണ്ടിരിക്കുകയും ആണ്. ഈ ഏഴു വിളക്കുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്. ഒടുവിൽ, ഈ ഏഴ് ആത്മാക്കൾ ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ കേന്ദ്രംതന്നെയായ കുഞ്ഞാടിന്റെ ഏഴു കണ്ണുകളാണ്. ഈ ചിത്രം നമ്മുടെയെല്ലാം ഉള്ളിൽ ആഴമായി പതിയട്ടെ.

## സകലവും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി

സെഖര്യാവിന്റെയും വെളിപ്പാടിന്റെയും സന്ദർഭമനുസരിച്ച് ഇതെല്ലാം ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. സെരുബ്ബാബേൽ ആലയം പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്ന സമയത്തായിരുന്നു സെഖര്യാവിൽ കല്ലിനെയും നിലവിളക്കിനെയും കുറിച്ച് പ്രസ്താവിച്ചിരിക്കുന്നത്. വെളിപ്പാടിൽ നമുക്ക് ആദ്യം ഏഴു സ്ഥലംസഭകളെ പ്രതീകവൽക്കരിക്കുന്ന ഏഴു നിലവിളക്കുകളുണ്ട്. പിന്നീട്, നമുക്ക് സിംഹാസനമുണ്ട്, അതിനു മുമ്പിൽ ഏഴു വിളക്കുകൾ ജ്വലിച്ചുകൊണ്ടിരിക്കുന്നു. ആത്യന്തികമായി, ഈ സിംഹാസനം പുതിയ യെരൂശലേമിന്റെ കേന്ദ്രമാണ്. പുതിയ യെരൂശലേം നിലവിൽ വരുന്നത് ഏഴ് ആത്മാക്കൾ സിംഹാസനത്തിനുമുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നതു നിമിത്തമാണെന്ന് ഇതു വെളിപ്പെടുത്തുന്നു. ഇതെല്ലാം നിമിത്തം ഏഴു കണ്ണുകളും, ഏഴു വിളക്കുകളും, ഏഴ് ആത്മാക്കളും, കല്ലും, നിലവിളക്കും, കർത്താവും, ദൈവവും, കുഞ്ഞാടുമെല്ലാം കെട്ടിടത്തിനു വേണ്ടിയാണെന്ന് നമുക്കു കാണുവാൻ കഴിയും. ഈ കെട്ടിടമാണ് ആലയം എന്ന ഇന്നത്തെ സഭയും നിത്യതയിലുള്ള ദൈവത്തിന്റെ നിത്യനിവാസമായ പുതിയ യെരൂശലേമും.

നമുക്ക് അപ്പൊസ്തലനായ യോഹന്നാനാൽ എഴുതപ്പെട്ട യോഹന്നാന്റെ സുവിശേഷം, വെളിപ്പാട് എന്നീ രണ്ടു പുസ്തകങ്ങൾ മാത്രമേ ഉള്ളൂവെന്നു കരുതുക. നാം ഈ പുസ്തകങ്ങൾ പിന്നെയും പിന്നെയും വായിക്കുന്നുവെങ്കിൽ, നാം എന്തു കാണും? നമുക്ക് യോഹന്നാൻ ഒന്നാം അധ്യായത്തോടുകൂടെ ആരംഭിക്കാം. വാക്യം 1 പറയുന്നു, "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു." വാക്യം 14 പറയുന്നു, "വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ കൂടാരമടിച്ചു." വാക്യം 29 പറയുന്നു, "ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!" യോഹന്നാൻ 1 അനുസരിച്ച് ഇവനെ വർണ്ണിക്കുവാൻ നിരവധി പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു: വചനവും, ദൈവവും, ജഡവും, കുഞ്ഞാടും. വാക്യം 4 പറയുന്നു, "അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു." അവനോടൊപ്പം കൃപയും യാഥാർഥ്യവുംകൂടെ ഉണ്ടായിരുന്നു. പത്രൊസ് ഈ അത്ഭുതവാനിലേക്ക് കൊണ്ടുവരപ്പെട്ടപ്പോൾ, അവന്റെ പേരിനെ ശിമോനിൽ നിന്ന് ഒരു കല്ല് എന്നർഥമുള്ള കേഫാവാക്കി മാറ്റി (വാ. 42). നഥനയേൽ അവനെ കണ്ടുമുട്ടിയപ്പോൾ അവൻ അവനോട്, "സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും

ചെയ്യുന്നതും നിങ്ങൾ കാണും" (വാ. 51) എന്നു പറഞ്ഞു. ഈ വചനം നമുക്ക് ബെഥേൽ കേന്ദ്രമായിരിക്കുന്ന യാക്കോബിന്റെ സ്വപ്നത്തെ ഓർമ്മപ്പെടുത്തുന്നു (ഉല്പ. 28:10-22). കഴിഞ്ഞകാല നിത്യത മുതൽ ഭാവികാല നിത്യതവരെ നീളുന്ന യോഹന്നാൻ ഒന്നാം അധ്യായത്തിൽ വലിയ കാര്യങ്ങൾ ഉള്ളടങ്ങിയിരിക്കുന്നു. കഴിഞ്ഞകാല നിത്യതയിൽ വചനം ഉണ്ടായിരുന്നു, ഭാവികാല നിത്യതയിൽ ദൈവം വസിക്കുന്ന ബെഥേൽ എന്ന ഭവനം ഉണ്ടായിരിക്കും. ഇതായിരിക്കും പുതിയ യെരൂശലേം. ഈ ഒരു അധ്യായം നിത്യതമുതൽ നിത്യതവരെ എത്തുന്നു. തീർച്ചയായും ഒന്നാം അധ്യായത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളെയും വികസിപ്പിക്കേണ്ടതിന് യോഹന്നാൻ മറ്റ് ഇരുപത് അധ്യായങ്ങൾ എടുക്കുന്നുണ്ട്.

നിരവധി വർഷങ്ങൾക്കുശേഷം, യോഹന്നാൻ വൃദ്ധനാകുകയും പത്മൊസ് ദ്വീപിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തപ്പോൾ, അവന്റെ എഴുത്തുകളുടെ അവസാനം മാത്രമല്ല, മുഴുവൻ വേദപുസ്തകത്തിന്റെയും അവസാനത്തെ പുസ്തകമായ വെളിപ്പാട് എഴുതുവാൻ കർത്താവ് അവനോട് ആജ്ഞാപിച്ചു. വെളിപ്പാട് 1:4-ഉം 5-ഉം പറയുന്നു, "യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്.... സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും." ഏഴ് ആത്മാക്കൾ സെഖര്യാവിൽ പറഞ്ഞിരിക്കുന്ന ഏഴു വിളക്കുകളും ഏഴു കണ്ണുകളും ആണെന്ന് നാലും അഞ്ചും അധ്യായങ്ങളിൽ നാം കാണുന്നു. സെഖര്യാവിന്റെ പുസ്തകമനുസരിച്ച് ഏഴു വിളക്കുകൾ കല്ലിന്റെയും കർത്താവിന്റെയും ഏഴു കണ്ണുകളാണ്, അത് ഇപ്പോൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണ്, ദൈവത്തിന്റെ ഈ ഏഴ് ആത്മാക്കൾ വീണ്ടെടുക്കുന്ന കുഞ്ഞാടിന്റെ ഏഴു കണ്ണുകളും ആണ്. വീണ്ടെടുക്കുന്ന ഈ കുഞ്ഞാട് ജയിക്കുന്ന സിംഹമാണെന്ന് വെളിപ്പാട് 5:5-ഉം 6-ഉം വെളിപ്പെടുത്തുന്നു. ജയിക്കുന്ന സിംഹമെന്ന നിലയിൽ അവൻ ദൈവത്തിന്റെ ശത്രുവിനെ പൂർണ്ണമായി പരാജയപ്പെടുത്തിയിരിക്കുന്നു. പാമ്പും തേളുകളുമായ സകല ശത്രുക്കളും സിംഹത്താൽ വിഴുങ്ങപ്പെട്ടിരിക്കുന്നു. അവൻ സകല ശത്രുക്കളെയും ജയിച്ചതുകൊണ്ട് വീണ്ടെടുക്കുന്ന കുഞ്ഞാടായിരിക്കുവാൻ അവൻ യോഗ്യനായിരുന്നു. കുഞ്ഞാടെന്ന നിലയിൽ, ദൈവം അവനെ ക്രൂശിൽ കൊത്തുപണി ചെയ്ത ദിവസം ദൈവജനത്തിന്റെ സകല പാപങ്ങളെയും, അകൃത്യത്തെയും അവൻ എടുത്തുകളഞ്ഞു. വീണ്ടെടുക്കുന്ന കുഞ്ഞാടായി അവൻ ഇതു നിർവഹിച്ചതുനിമിത്തം ഒടുവിൽ അവൻ പണിയുന്ന കല്ലായിത്തീർന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ, പണിയുന്നവരായ യെഹൂദന്മാർ അവനെ തിരസ്കരിച്ചപ്പോൾ, അവർ കുഞ്ഞാടിനെ മാത്രമല്ല, പിന്നെയോ ദൈവത്തിന്റെ കെട്ടിടത്തിന്റെ മൂലക്കല്ലിനെയും തിരസ്കരിച്ചു. അവന്റെ മരണദിവസം അവൻ

കുഞ്ഞാടായിരുന്നെങ്കിലും, പുനരുത്ഥാനത്തിൽ ദൈവം അവനെ പ്രധാന മൂലക്കല്ലാക്കി. അങ്ങനെ, അവന്റെ മരണപുനരുത്ഥാനങ്ങൾക്കുശേഷം അവൻ ഇപ്പോൾ സിംഹ-കുഞ്ഞാടു-കല്ലാണ്. സകല ശത്രുക്കളും തോല്പിക്കപ്പെടുകയും, സകല പാപങ്ങളും നീക്കപ്പെടുകയും, അവൻ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള കല്ലായിത്തീരുകയും ചെയ്തിരിക്കുന്നു. ദൈവത്തിന്റെ നിത്യവ്യവസ്ഥ നിർവഹിക്കുന്നതിനായി ദൈവസിംഹാസനത്തിനുമുമ്പിൽ പ്രകാശിക്കുകയും ജ്വലിക്കുകയും ചെയ്യുന്ന ഏഴു കണ്ണുകൾ ഈ കല്ലിന്മേലുണ്ട്. ഇന്ന്, കേവലം സിംഹത്തിന്റെയോ കുഞ്ഞാടിന്റെയോ വിഷയമല്ല, കല്ലിന്റെ വിഷയമാണ്. നാം ഇന്ന് എവിടെയാണ്? നാം കേവലം സിംഹത്തിന്റെയും കുഞ്ഞാടിന്റെയും കൂടെയാണോ, അതോ നാം കല്ലിനോടുകൂടെയാണോ? മിക്കവാറും ക്രിസ്ത്യാനികൾ കുഞ്ഞാടിനോടുകൂടെ മാത്രമാണ്; വളരെ കുറച്ചുപേർ സിംഹത്തോടുകൂടെയാണ്. "കുഞ്ഞാട് യോഗ്യൻ" എന്നു പറയുന്ന നിരവധി പാട്ടുകളുണ്ടെങ്കിലും, "സിംഹം യോഗ്യൻ" എന്നു പറയുന്ന ഒരു പാട്ടു കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. "കല്ല് യോഗ്യൻ" എന്നും "ഏഴു കണ്ണുകൾ യോഗ്യതയുള്ളത്" എന്നും പറയുന്ന പാട്ടുകൾ നമുക്കാവശ്യമാണ്. ഇന്നത്തെ ക്രിസ്തുമതത്തിൽ എത്രമാത്രം കുറവുണ്ട്! അനേകർ പോരാടുകയും, തർക്കിക്കുകയും, വാദപ്രതിവാദം നടത്തുകയും ചെയ്യുന്നു, എന്നാൽ ക്രിസ്തു പണിയുന്ന കല്ലായിരിക്കുന്നതിനെക്കുറിച്ച് അവർ അജ്ഞരാണ്.

## ഏഴു വിളക്കുകളെയും ഏഴു കണ്ണുകളെയും, ഏഴ് ആത്മാക്കളെയും അനുഭവമാക്കുന്നു

നാം കല്ലിന്റെ ഏഴു കണ്ണുകളിലേക്ക് മുന്നോട്ടുപോകണം. ഏഴു കണ്ണുകൾ സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളാണെന്ന് നാം കണ്ടുകഴിഞ്ഞു. ഈ ഏഴു കണ്ണുകൾ ഏഴു വിളക്കുകളെന്ന നിലയിൽ സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു. ജ്വലിക്കുന്നത് പ്രകാശിപ്പിക്കുന്നതിനും തിരയുന്നതിനും തുറന്നുകാട്ടുന്നതിനും ന്യായംവിധിക്കുന്നതിനും വേണ്ടിയാണെന്നതിനു സംശയമില്ല. വിളക്കുകൾ ന്യായംവിധിക്കുന്നതിനു വേണ്ടിയായിരിക്കുമ്പോൾ, ഏഴു കണ്ണുകൾ സന്നിവേശിപ്പിക്കുന്നതിനും നിവേശിപ്പിക്കുന്നതിനും വേണ്ടിയാണ്. എന്റെ കണ്ണുകൾ നിങ്ങളുടെമേൽ ആയിരിക്കുന്നിടത്തോളം, ഞാൻ സന്തോഷവാനോ ദുഃഖിതനോ ആയിരുന്നാലും, അവ എന്നിലുള്ള ചിലതിനെ നിങ്ങളിലേക്ക് സന്നിവേശിപ്പിക്കും. എന്റെ കണ്ണുകൾ ജ്വലിക്കുന്നതിനുവേണ്ടിയുള്ള വിളക്കുകളല്ല, അവ സന്നിവേശിപ്പിക്കുന്നതിനുവേണ്ടിയാണ്. ടൈപ്പ്സെറ്റിങ്ങ് തൊഴിലിലേർപ്പെട്ടിരിക്കുന്ന ഒരു സഹോദരൻ തന്റെ തൊഴിലിൽ

ഫോട്ടോടൈപ്പ്സെറ്റർ എന്നു വിളിക്കുന്ന ഒരു മെഷീൻ ഉപയോഗിക്കുന്നു. ഈ മെഷീൻ മൂല അക്ഷര ഡിസ്കിൽനിന്നും മൃദുലമായ ഫോട്ടോപേപ്പറിലേക്ക് അക്ഷരങ്ങളെ പകർത്തുന്നു. നാലു കണ്ണുകൾക്കു സദൃശമായ ജ്വലിക്കുന്ന നാലു വിളക്കുകൾ ഡിസ്ക്കിലൂടെ തീവ്രമായ പ്രകാശരശ്മികളെ കടത്തിവിടുകയും രണ്ടു കണ്ണാടികളിൽ തട്ടി ഫോട്ടോപേപ്പറിലേക്ക് പ്രതിബിംബിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ ഡിസ്കിലുള്ള മൂല ചിത്രത്തിന്റെ തനിരൂപം ഫോട്ടോപേപ്പറിലേക്ക് ജ്വലിപ്പിക്കുന്നു. ഈ പ്രക്രിയയിലൂടെ ഡിസ്ക്കിലുള്ള ചിത്രം പേപ്പറിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നുവെന്ന് നമുക്കു പറയാം. ഇതേ രീതിയിൽ, ഏഴു കണ്ണുകളിലൂടെ ക്രിസ്തുവിന്റേതായ ചിലത് നമ്മിലേക്ക് സന്നിവേശിപ്പിക്കുന്നു.

നമുക്ക് ജ്വലിപ്പിക്കുന്നതിനും തിരയുന്നതിനും തുറന്നുകാട്ടുന്നതിനും ന്യായംവിധിക്കുന്നതിനുംവേണ്ടി ഏഴു വിളക്കുകളും സന്നിവേശിപ്പിക്കുന്നതിനുവേണ്ടി ഏഴു കണ്ണുകളും മാത്രമല്ല ഉള്ളത്, പിന്നെയോ ജീവൻ പകരുന്നതിനുവേണ്ടി ഏഴ് ആത്മാക്കളും ഉണ്ട്. ആത്മാവ് ജീവന്റെ ആത്മാവായതിനാൽ (റോമ. 8:2) ഏഴ് ആത്മാക്കൾ മുഖ്യമായും ജീവൻ പകരുന്നതിനുവേണ്ടിയാണ്. നമുക്ക് ഏഴു വിളക്കുകൾ മാത്രം ഉണ്ടായിരിക്കുകയും ഏഴു കണ്ണുകളോ ഏഴ് ആത്മാക്കളോ ഇല്ലാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ, നാം ദഹിപ്പിക്കപ്പെടുമായിരുന്നു. ഏഴു വിളക്കുകൾ ഏഴു വിളക്കുകൾ മാത്രമല്ല, നമ്മിലേക്കു സന്നിവേശിക്കുകയും നിവേശിക്കുകയും ചെയ്യുന്ന ഏഴു കണ്ണുകളും നമ്മിലേക്ക് ജീവൻ പകരുന്ന ഏഴ് ആത്മാക്കളും ആണ്. അവന്റെ പ്രകാശിപ്പിക്കലും തിരയലും തുറന്നുകാട്ടലും ന്യായംവിധിക്കലും ജീവന്റെ പകർച്ചയ്ക്കുവേണ്ടിയായതിനാൽ കർത്താവിനെ സ്തുതിക്കാം. അവൻ ഏഴു വിളക്കുകൾ മാത്രമല്ല, ഏഴ് ആത്മാക്കളും ആണ്.

നിങ്ങളുടെ അനുഭവം നോക്കുക. നാം സഭാജീവിതത്തിലേക്കു വന്നപ്പോൾ, നമ്മുടെ ഉള്ളിലും, മുകളിലും, ചുറ്റിലും എന്തോ ഒന്ന് പ്രകാശിക്കുന്നതായി നമുക്കനുഭവപ്പെട്ടു. ആ പ്രകാശിക്കൽ നമ്മെ തിരയുകയും തുറന്നുകാട്ടുകയും ന്യായംവിധിക്കുകയും ചെയ്തു. സഭാജീവിതത്തിലുള്ള എല്ലാവരും നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിൽ മറയ്ക്കപ്പെട്ടിരുന്ന കാര്യങ്ങളെ തിരയുകയും ന്യായംവിധിക്കുകയും ചെയ്യുന്ന ഈ പ്രകാശിക്കലിനെ അനുഭവമാക്കിയിട്ടുണ്ട്. ഈ മറഞ്ഞിരുന്ന കാര്യങ്ങൾ തുറന്നുകാട്ടപ്പെടുമ്പോൾ നാം കുറ്റംവിധിക്കപ്പെട്ടിരുന്നു. ഈ ന്യായംവിധിക്കലിലൂടെ ജീവൻ നമ്മിലേക്കു പകരപ്പെട്ടതിനായി കർത്താവിനെ സ്തുതിക്കാം. നമുക്ക് *നിവേശിപ്പിക്കൽ* എന്ന പദം ഇല്ലായിരുന്നിരിക്കാം, എങ്കിലും നാം നിശ്ചയമായി അത് അനുഭവമാക്കിയിരുന്നു. ആ സമയം മുതലങ്ങോട്ട് കർത്താവായ യേശു നമുക്ക് വളരെയധികം

സ്നേഹിക്കത്തക്കവനായിത്തീർന്നു. ഈ നിവേശിപ്പിക്കൽ നിമിത്തം നാം കർത്താവിനെ മുമ്പത്തേക്കാളധികം സ്നേഹിക്കുവാൻ തുടങ്ങി.

ഈ അനുഭവം കെട്ടിടത്തിനുവേണ്ടിയാണ്. ഇത്തരം അനുഭവം നമുക്കുണ്ടായിരിക്കുവാൻ കഴിയുന്ന ഒരിടം മാത്രമേയുള്ളൂ— ബെഥേലിൽ. നിങ്ങളുടെ താല്പര്യം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയല്ലെങ്കിൽ നിങ്ങൾ തീർച്ചയായും ഈ അനുഭവം ഉണ്ടായിരിക്കുന്നതിൽനിന്ന് അകലെയായിരിക്കും എന്ന് പൂർണ്ണ ഉറപ്പോടെ എനിക്കു പറയുവാൻ കഴിയും. ചിലർ ഇതു കേൾക്കുമ്പോൾ അവർ പറയും, "കർത്താവു നിന്നെപ്പോലെ ഇടുങ്ങിയവനല്ല." ചില കാര്യങ്ങളിൽ, കർത്താവ് എന്നെക്കാൾ ഇടുങ്ങിയവനാണ്; അവൻ കൂടുതൽ കർക്കശനാണ്. നിങ്ങൾ ബെഥേലിലല്ലെങ്കിൽ ഈ ദൂതിൽ ഞങ്ങൾ വിവരിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അനുഭവമാക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ബെഥേലിലേക്ക് കയറിപ്പോകാനുള്ള താല്പര്യം മാത്രം നമുക്കുണ്ടെങ്കിൽ, യാക്കോബിനെപ്പോലെ നാമും, ഈ കാര്യങ്ങൾ അനുഭവമാക്കും. സ്ഥലംസഭയിൽ മാത്രമേ ദൈവത്തിന്റെ വാസസ്ഥലത്തെ സംബന്ധിച്ച കാര്യങ്ങൾ അനുഭവമാക്കുവാൻ നമുക്കു കഴിയുകയുള്ളൂ. ഈ അനുഭവം മറ്റൊരിടത്തും ഉണ്ടായിരിക്കുവാൻ കഴിയുകയില്ല.

## ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ത്രിയേകദൈവത്തെ അനുഭവമാക്കുന്നു

നാം വീണ്ടും ത്രിത്വത്തിന്റെ വിഷയത്തിലേക്കു വരുന്നു. ത്രിത്വത്തെക്കുറിച്ചുള്ള പരമ്പരാഗത പഠിപ്പിക്കലനുസരിച്ച് പിതാവും പുത്രനും ആത്മാവും വ്യത്യസ്തരും വ്യതിരിക്തരുമായ വ്യക്തികളാണ്. നല്ലതും അനുലോമപരവുമായ അർഥത്തിൽ ഞാൻ ഇതിനോട് യോജിക്കുന്നു. ഞാനും ഈ പ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് എന്റെ പാട്ടുകളിൽ ഒന്നു പറയുന്നു, "മർമ്മമിതേ, പിതാ-പുത്ര-ആത്മാവ് / മൂവരെന്നാൽ സത്തയിൽ ഒന്നല്ലോ." ഞാൻ ഈ എല്ലാ വിഷയങ്ങളിലും സുപരിചിതനാണ്. പരമ്പരാഗതമായ പഠിപ്പിക്കലിൽ പുത്രൻ രണ്ടാമത്തെ വ്യക്തിയും പരിശുദ്ധാത്മാവ് മൂന്നാമത്തെ വ്യക്തിയും ആണ്. വെളിപ്പാട് പുസ്തകത്തിൽ പരിശുദ്ധാത്മാവ് ഏഴ് ആത്മാക്കളായിത്തീർന്നിരിക്കുന്നു. ഈ ഏഴ് ആത്മാക്കൾ രണ്ടാമത്തെ വ്യക്തിയുടെ ഏഴു കണ്ണുകളാണെന്ന് നിങ്ങൾ എപ്പോഴെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? പിന്നെങ്ങനെ, ഈ ഏഴ് ആത്മാക്കൾക്ക് വ്യത്യസ്തനായ ഒരു വ്യക്തിയായിരിക്കുവാൻ കഴിയും? രണ്ടാമത്തെ വ്യക്തിയും രണ്ടാമത്തെ വ്യക്തിയുടെ ഏഴു കണ്ണുകളായ ഏഴ് ആത്മാക്കളും രണ്ടു വ്യത്യസ്ത വ്യക്തികളാണോ? പരമ്പരാഗതമായ പ്രയോഗങ്ങൾ ഉപയോഗിക്കുന്നതിലൂടെ ത്രിത്വത്തെ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല. ഈ പ്രയോഗങ്ങൾ

നാം എത്രത്തോളം ഉപയോഗിക്കുമോ അത്രത്തോളം നാം സങ്കീർണ്ണരായിത്തീരും. ഏഴ് ആത്മാക്കൾ രണ്ടാമത്തെ വ്യക്തിയുടെ ഏഴു കണ്ണുകളാണെന്നു പറയുന്നത് എന്റെ നിർവചനമോ വ്യാഖ്യാനമോ അല്ല; അത് വെളിപ്പാടിലെ വാക്യങ്ങൾ ഞാൻ വായിച്ചതിലൂടെയുള്ള എന്റെ നിരൂപണമാണ്. നൈസീൻ കൗൺസിലിലുണ്ടായിരുന്നവർ ഒരുപക്ഷേ ഏഴ് ആത്മാക്കളെക്കുറിച്ച് വ്യക്തത ഇല്ലാത്തവരായിരുന്നു. അവർക്ക് വ്യക്തത ഇല്ലായിരുന്നതിനാൽ നമുക്കെങ്ങനെ അവരുടെ വിശ്വാസപ്രമാണത്തെ പിൻതുടരുവാൻ കഴിയും? നാം അതിനെ പിൻതുടരുന്നുവെങ്കിൽ, നാം അന്ധന്മാരായിരിക്കണം. നാം യാതൊന്നിനെയും അന്ധമായി പിൻതുടരുന്നില്ല. ആ വിശ്വാസപ്രമാണത്തെ അവർ വിശ്വസിക്കുന്നുവെന്ന് നമ്മെ എതിർക്കുന്നവർ പറയുന്നു, എന്നാൽ നാം വേദപുസ്തകത്തിലെ നിർമ്മലമായ വചനത്തെ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവ് രണ്ടാമത്തെ വ്യക്തിയുടെ ഏഴു കണ്ണുകളായ ഏഴ് ആത്മാക്കളാണെന്ന് ആദിമ സഭാപിതാക്കന്മാർ കണ്ടിരുന്നുവെങ്കിൽ, ഒരു വിശ്വാസപ്രമാണം ഉണ്ടാക്കുവാൻ അവർ വൈമനസ്യമുള്ളവരാകുമായിരുന്നു. ഒരു വിശ്വാസപ്രമാണം ഉണ്ടാക്കുന്നത് അവർക്ക് അസാധ്യമായിരുന്നുവെന്ന് അവർ മനസ്സിലാക്കുമായിരുന്നു. വേദപുസ്തകത്തിൽ കാണുവാൻ കഴിയാത്ത ഒരു വാചകമുള്ള ഏതൊരു വിശ്വാസപ്രമാണവും അപൂർണ്ണമാണ്. നമുക്ക് ഒരു വിശ്വാസപ്രമാണവും ആവശ്യമില്ലെന്ന് അമ്പതു വർഷത്തിലധികമായി നാം പ്രഖ്യാപിച്ചുപോരുന്നു. നമ്മുടെ ഒരേയൊരു വിശ്വാസപ്രമാണം രണ്ടു നിയമങ്ങളോടുകൂടിയ വിശുദ്ധ വേദപുസ്തകമാണ്. തീർച്ചയായും, അമ്പതു വർഷങ്ങൾക്കുമുമ്പ് നാം ഇതു പ്രഖ്യാപിച്ചപ്പോൾ, നാം ഏഴ് ആത്മാക്കളെ കണ്ടിരുന്നില്ല. നാം ഇതു കണ്ടിട്ട് ഇരുപതു വർഷത്തോളമേ ആയിട്ടുള്ളൂ. ക്രമേണ, കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി ഈ വിഷയം വളരെ വ്യക്തമായിത്തീർന്നിരിക്കുന്നു.

നമ്മെ എതിർക്കുന്നവരോട് ഒരു ചോദ്യം ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: മൂന്നാമത്തെ വ്യക്തിയായ പരിശുദ്ധാത്മാവ് വെളിപ്പാട് പുസ്തകത്തിൽ ഏഴ് ആത്മാക്കളാണെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലേ? എന്നാൽ ഏഴ് ആത്മാക്കൾ രണ്ടാമത്തെ വ്യക്തിയുടെ ഏഴു കണ്ണുകളാണ്. അപ്പോൾ അവർ രണ്ടു വ്യത്യസ്ത വ്യക്തികളാണോ? ഞാൻ ഉപദേശത്തോടു തർക്കിക്കുകയല്ല; മറിച്ച്, ഞാൻ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി യാഥാർഥ്യം സംസാരിക്കുകയാണ്. ഇന്നു നമുക്ക് ത്രിത്വം ഒരു ഉപദേശവിഷയം ആയിരിക്കരുത്; അത് ത്രിയേകദൈവം അവനെത്തന്നെ നമ്മിലേക്കു പകരുന്ന അനുഭവമായിരിക്കണം.

യോഹന്നാന്റെ സുവിശേഷമനുസരിച്ച്, ദൈവംതന്നെയായ നിത്യവചനം ജഡമായിത്തീരുകയും, ഈ ജഡം ദൈവത്തിന്റെ

കുഞ്ഞാടായിരിക്കുകയും ചെയ്യുവെന്ന് നാം കണ്ടു. വെളിപ്പാടിൽ ഈ കുഞ്ഞാട് സിംഹമായിത്തീർന്നുവെന്ന് നാം കാണുന്നു. കുഞ്ഞാട് ഏഴു കണ്ണുകളോടുകൂടിയ കല്ലും, ഈ ഏഴു കണ്ണുകൾ പ്രകാശിപ്പിക്കുകയും തിരയുകയും തുറന്നുകാട്ടുകയും വിധിക്കുകയും ചെയ്യുന്ന ഏഴു വിളക്കുകളും ആണ്. ഏഴു വിളക്കുകൾ ന്യായംവിധിക്കപ്പെട്ടവരിലേക്ക് ജീവൻപകരുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളും ആണ്. കൂടാതെ, അവൻ ആയിരിക്കുന്നതും, അവൻ നിറവേറ്റിയതും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി നാം അവന്റെ പ്രകൃതത്തിലുള്ള ഒരു കല്ലായിത്തീരേണ്ടതിന് നമ്മുടെ ആളത്തത്തിലേക്ക്, സന്നിവേശിപ്പിക്കുകയും നിവേശിപ്പിക്കുകയും ചെയ്യുന്ന വീണ്ടെടുപ്പുകാരന്റെ ഏഴു കണ്ണുകളാണ് ഏഴ് ആത്മാക്കൾ. പരമ്പരാഗതമായ പഠിപ്പിക്കലിൽ തൃപ്തരായി തുടരാതെയും ഉപദേശപരമായ യാതൊരു ധാരണകളോടും ചേർന്നുനിൽക്കാതെയും ഇരിക്കുക. ത്രിയേകദൈവം വളരെ അത്ഭുതവാനാണെന്ന് നാം കാണണം. അവൻ സാക്ഷാൽ ദൈവമായ, വചനമാണ്, അവൻ ദൈവത്തിന്റെ കുഞ്ഞാടായിരിക്കുവാൻ ജഡമായിത്തീർന്നു. അവനും പിതാവും ഒന്നാണെന്നും ആത്മാവ് അവനാണെന്നും യോഹന്നാൻ 14-ൽ അവൻ സൂചിപ്പിച്ചു. ഈ അത്ഭുതവാൻ സിംഹവും കുഞ്ഞാടും ഏഴു കണ്ണുകളോടുകൂടിയ കല്ലും ആണ്. നമ്മെ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള വസ്തുവാക്കേണ്ടതിന് ഈ ഏഴു കണ്ണുകളാൽ നമ്മെ ഉറ്റുനോക്കി അവൻ അവനായിരിക്കുന്നതും, നിറവേറ്റിയതും, നേടിയതും നമ്മുടെ ആളത്തത്തിലേക്ക് സന്നിവേശിപ്പിക്കുന്നു. ഈ ഏഴു കണ്ണുകൾ അവന്റെ സിംഹാസനത്തിൽനിന്നും സർവഭൂമിയിലേക്കും ദൈവത്താൽ അയയ്ക്കപ്പെട്ടിരിക്കുന്ന ഏഴ് ആത്മാക്കളാണ്.

നമുക്ക് ഉപദേശത്തിലുള്ള ഒരു ത്രിത്വം ഉണ്ടായിരിക്കാതെ, നമ്മുടെ ദൈവത്തിന്റെ അത്ഭുതകരവും, മാർമികവും, ഉൽകൃഷ്ടവുമായ സമ്പന്നത അനുഭവമാക്കണം. ഈ സകല സമ്പത്തും നമ്മുടെ വീണ്ടെടുപ്പിനും വീണ്ടുംജനനത്തിനും വേണ്ടി മാത്രമല്ല, പിന്നെയോ, നമ്മുടെ രൂപാന്തരത്തിനും കെട്ടുപണിക്കും വേണ്ടിയാണ്. ഈ കാര്യങ്ങൾ കാണുവാൻ നമുക്കെത്രമാത്രം വെളിച്ചം ആവശ്യമാണ്! നാം ഉപരിതലത്തിലായിരിക്കരുത്, ഇന്നത്തെ ക്രിസ്തുമതത്താൽ നാം വ്യതിചലിപ്പിക്കപ്പെടുകയും അരുത്. മറിച്ച്, എതിർക്കുന്നവർ പറയുന്നത് നാം അവഗണിക്കുകയും, നിർമലവചനത്തോടും തൽസമയ വെളിച്ചത്തോടുംകൂടെ വേദപുസ്തകത്തെ നാം മുറുകെപ്പിടിക്കുകയും വേണം. നാം എല്ലാവരും ഈ വെളിച്ചം കാണണം. "ദൈവശാസ്ത്രപരമായ" രീതിയിൽ നാം വേദപുസ്തകത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുകയോ ദൈവശാസ്ത്രത്തെ അന്വേഷിച്ചുകൊണ്ട് വേദപുസ്തകത്തിലേക്കു

വരികയോ ചെയ്യുമ്പോൾ നാം കൊല്ലപ്പെടും. "ദൈവശാസ്ത്രപരം" എന്നു പറയപ്പെടുന്ന രീതിയിൽ നമുക്ക് വേദപുസ്തകത്തെ അറിയുവാൻ കഴിയില്ല.

## നിർണ്ണായകമായ പത്തു കാര്യങ്ങൾ

നമുക്കിനി യോഹന്നാന്റെ സുവിശേഷത്തിലും വെളിപ്പാട് പുസ്തകത്തിലും കാണുന്ന നിർണ്ണായകമായ ചില കാര്യങ്ങളെ നോക്കാം. ഒന്നാമതായി, യോഹന്നാൻ 1:1-ൽ നമുക്ക് നിത്യവചനം ഉണ്ട്. വചനം നിത്യവചനമാണെന്നു സൂചിപ്പിച്ചുകൊണ്ട് ഈ വാക്യത്തിലെ "ആദിയിൽ" നിശ്ചയമായും കഴിഞ്ഞകാല നിത്യതയെ പരാമർശിക്കുന്നു. ഈ വാക്യം വ്യക്തമാക്കുന്നതുപോലെ, വചനം ദൈവമായിരുന്നു. ഒരു ദിവസം, ദൈവമായിരുന്ന ഈ വചനം, ജഡമായിത്തീർന്നു (യോഹ. 1:14). ദൈവശാസ്ത്രപരമായ മനോഭാവമനുസരിച്ച്, ദൈവപുത്രൻ ജഡാവതാരമെടുത്തു എന്നു പറയുന്നത് നാം ശീലിച്ചിരിക്കുന്നു. ഇതു തീർച്ചയായും ശരിനയാണ്, എങ്കിലും നിങ്ങൾ പുതിയനിയമം വായിക്കുന്നുവെങ്കിൽ, ദൈവപുത്രൻ ജഡാവതാരമെടുത്തു എന്നു പറയുന്ന ഒരു വചനം നിങ്ങൾ കണ്ടെത്തുകയില്ല. ഈ വസ്തുത സത്യമാണെങ്കിലും, പുതിയനിയമം ഈ രീതിയിൽ അതിനെ പ്രകടമാക്കുന്നില്ല. ഇതാണ് ജഡാവതാരത്തെക്കുറിച്ചുള്ള പരമ്പരാഗതമായ ദൈവശാസ്ത്ര പഠിപ്പിക്കൽ. എങ്കിലും നിങ്ങൾ എന്നെ തെറ്റിദ്ധരിച്ച് ജഡാവതാരം ദൈവപുത്രന്റേതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല എന്നു ചിന്തിക്കരുത്. കുറഞ്ഞപക്ഷം നിങ്ങളെപ്പോലെതന്നെ ഞാനും അതു വിശ്വസിക്കുന്നു. ജഡാവതാരം ദൈവപുത്രന്റേതാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ പുതിയനിയമം പറയുന്നത്, ആദിയിലുണ്ടായിരുന്ന വചനം ജഡമായത്തീർന്നു എന്നാണ്. ദൈവപുത്രൻ മാത്രമല്ല ജഡമായിത്തീർന്നത്, സാക്ഷാൽ ദൈവമാണ് ജഡമായിത്തീർന്നത്. ക്രിസ്തുവിന്റെ മുൻഗാമിയായിരുന്ന യോഹന്നാൻ സ്നാപകൻ ജഡമായിത്തീർന്ന ഈ വചനത്തെക്കുറിച്ചു പറഞ്ഞു, "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്!" അങ്ങനെ, യോഹന്നാൻ ഒന്നാം അധ്യായത്തിന്റെ ആദ്യത്തെ പകുതിയിൽ നമുക്ക് വചനവും, ദൈവവും, ജഡവും, കുഞ്ഞാടും ഉണ്ട്.

വെളിപ്പാടിൽ ദൈവത്തിന്റെ കുഞ്ഞാട് സിംഹമാണെന്നു നാം കാണുന്നു. ഒരു മനുഷ്യനല്ല, ദൈവദൂതമൂപ്പന്മാരിൽ ഒരുവൻ, യെഹൂദാഗോത്രത്തിലെ സിംഹം എന്ന് അവനെ വിശേഷിപ്പിച്ചുകൊണ്ട് ഈ രീതിയിൽ ക്രിസ്തുവിനെ അവതരിപ്പിച്ചു (5:5). ഈ കുഞ്ഞാടിൽ ഏഴു കണ്ണുകളുണ്ടെന്ന് വെളിപ്പാട് 5:6 പറയുന്നു. സിംഹം എന്നുള്ള പ്രസ്താവം ഉല്പത്തി 49-നെ പരാമർശിക്കുകയും ഏഴു കണ്ണുകളെക്കുറിച്ചുള്ള വചനം

കല്ലിന്മേലുള്ള ഏഴു കണ്ണുകളെക്കുറിച്ചു സംസാരിക്കുന്ന സെഖര്യാവിന്റെ പുസ്തകത്തിലേക്ക് വിരൽചൂണ്ടുകയും ചെയ്യുന്നു. ഇക്കാരണത്താൽ, കുഞ്ഞാട് കല്ലും ആണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ലോകത്തിന്റെ പാപത്തെ നീക്കിക്കളഞ്ഞവനായ വീണ്ടെടുപ്പുകാരൻ പണിയുന്ന കല്ല്, അഥവാ പണിയുന്നവൻ, ആയിത്തീർന്നിരിക്കുന്നു.

ഈ ധാരണ പുതിയതല്ല. പണിയുന്നവരായ യെഹൂദന്മാർ വീണ്ടെടുപ്പുകാരനെ മാത്രമല്ല, പിന്നെയോ മൂലക്കല്ലിനെയുമാണ് തിരസ്കരിക്കുന്നതെന്ന് കർത്താവായ യേശു ക്രൂശിക്കപ്പെടുന്നതിനുമുമ്പ് അവരോട് സൂചിപ്പിച്ചു (മത്താ. 21:42). കർത്താവായ യേശു അവരോട് സംസാരിക്കുമ്പോൾ, അവൻ സെഖര്യാവ് 3:9-ൽ പറഞ്ഞിരിക്കുന്ന ഏഴു കണ്ണുകളുള്ള കല്ലാണെന്നും, കൊത്തുപണി ചെയ്യുന്നതിലൂടെ ഒരു ദിവസത്തിൽ ജനത്തിന്റെ അകൃത്യം നീക്കിക്കളയുമെന്നും അവൻ പൂർണ്ണമായി മനസ്സിലാക്കിയിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന് തന്റെ കെട്ടിടം ഉണ്ടായിരിക്കത്തക്കവണ്ണം ഒരു ദിവസത്തിൽ ദൈവജനത്തിന്റെ അകൃത്യം എടുത്തുകളയുവാൻ അവൻ ദൈവത്താൽ കൊത്തുപണി ചെയ്യപ്പെടുമെന്ന് അവൻ അറിഞ്ഞിരുന്നു.

കുഞ്ഞാടും കല്ലും, വീണ്ടെടുപ്പും കെട്ടിടവും, ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഭരണനിർവഹണം നടത്തുന്ന അവന്റെ സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു വിളക്കുകളുമായ ഏഴു കണ്ണുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, നമുക്ക് വചനവും, ദൈവവും, ജഡവും, കുഞ്ഞാടും, സിംഹവും, കല്ലും, ഏഴു കണ്ണുകളും, ഏഴ് ആത്മാക്കളും, ഏഴു വിളക്കുകളും ഉണ്ട്. ആത്യന്തികമായി, പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നിത്യനിവാസമായ കെട്ടിടം നമുക്കുണ്ട്. ഈ വചനങ്ങളൊന്നും എന്റെ വ്യാഖ്യാനമല്ല; മറിച്ച്, അവ എന്റെ ഉദ്ധരണിയാണ്. വേദപുസ്തകത്തിൽ കാണുന്ന വചനം, ദൈവം, ജഡം, കുഞ്ഞാട്, സിംഹം, കല്ല്, ഏഴു കണ്ണുകൾ, ഏഴ് ആത്മാക്കൾ, ഏഴു വിളക്കുകൾ, പുതിയ യെരൂശലേം എന്നീ നിർണ്ണായകമായ പത്തു കാര്യങ്ങളെ ഞാൻ ചൂണ്ടിക്കാണിക്കുന്നതേ ഉള്ളൂ. ഒരു ജിഗ്സോ പസിലിലെ കഷ്ണങ്ങളെപ്പോലെ വേദപുസ്തകത്തിലെ വിവിധ പുസ്തകങ്ങളിൽ അവിടവിടെയായി ചിതറിക്കിടക്കുന്ന ഈ പദങ്ങളെയെല്ലാം നാം ചേർത്തുവയ്ക്കുമ്പോൾ, നാം വാസ്തവമായും ചിലതു കാണുന്നു. ഈ പത്തു കാര്യങ്ങളുടെമേൽ നാം പ്രാർഥിക്കുമെങ്കിൽ, പുതിയ യെരൂശലേം ദൈവത്തിന്റെ പരിണതമായ വികാസമാണെന്ന ദർശനം നാം കാണും.

Mon

## കല്ലിന്റെ യുഗം

**ആദിയിൽ ദൈവത്തിന്റെ ആവിഷ്കാരമായ വചനം ഉണ്ടായിരുന്നു.**

ഒരു ദിവസം, വചനമായി ആവിഷ്കരിക്കപ്പെട്ട ഈ ദൈവം ജഡമായിത്തീർന്നു. ഇതായിരുന്നു അവനെത്തന്നെ വികസിപ്പിക്കുവാനുള്ള അവന്റെ ഒന്നാമത്തെ പടി. ഈ ജഡം, പാപത്തെ ന്യായംവിധിക്കുകയും ശിക്ഷവിധിക്കുകയും ചെയ്യുന്ന നീതിമാനായ ദൈവത്തിന്റെ കുഞ്ഞാടായിരുന്നു. ദൈവത്തിന്റെ നീതിപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കുഞ്ഞാട് പാപത്തെ എടുത്തുകളഞ്ഞു. ഇതായിരുന്നു ദൈവത്തിന്റെ വികാസത്തിന്റെ രണ്ടാമത്തെ പടി. അവൻ ക്രൂശിക്കപ്പെട്ടപ്പോൾ, അവൻ കൊത്തുപണി ചെയ്യപ്പെടുകുയും, ഈ കൊത്തുപണി ഒരു ദിവസത്തിൽ ദൈവജനത്തിന്റെ അകൃത്യം നീക്കിക്കളയുകയും ചെയ്യു. ഇതിനുപുറമെ, അവൻ സകല ശത്രുക്കളെയും തോല്പിച്ചിരിക്കുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് അവൻ സിംഹവും ആണ്. സിംഹമെന്ന നിലയിൽ അവൻ ശത്രുവിന്റെ സമ്പൂർണ്ണ പരാജായം നിർവഹിച്ചു. അവൻ ദൈവത്തിന്റെ വികാസത്തിനു വേണ്ടിയുള്ള വീണ്ടെടുക്കുന്ന കുഞ്ഞാടും ജയിക്കുന്ന സിംഹവും ആണ്. ഈ സിംഹ-കുഞ്ഞാട് ഇപ്പോൾ കല്ലാണ്. ഇന്ന് കർത്താവായ യേശു എന്താണെന്ന് നിങ്ങൾക്കറിയാമോ? അവൻ കല്ലാണ്. കല്ലായിരിക്കേണ്ടതിനായി അവൻ കുഞ്ഞാടും സിംഹവും ആണ്. അകൃത്യം നീക്കിക്കളയുകയും സകല ശത്രുക്കളെയും തോല്പിക്കുകയും ചെയ്തിട്ട് അവൻ ഇപ്പോൾ പണിയുകയാണ്. ഈ യുഗം കേവലം കുഞ്ഞാടിന്റെയും സിംഹത്തിന്റെയും യുഗമല്ല: ഇത് മുഖ്യമായും കല്ലിന്റെ യുഗമാണ്. യെരൂശലേമിലേക്കുള്ള അവന്റെ അവസാനത്തെ യാത്രയിൽ, പണിയുന്നവരായ യെഹൂദന്മാർ വീണ്ടെടുപ്പുകാരനായ കുഞ്ഞാടിനെയും ജയാളിയായ സിംഹത്തെയും മാത്രമല്ല, പിന്നെയോ പ്രധാന മൂലക്കല്ലിനെയുമാണ് തിരസ്കരിച്ചതെന്ന് അവരോട് എന്തുകൊണ്ട് കർത്താവായ യേശു സൂചിപ്പിച്ചുവെന്ന് ഇപ്പോൾ നമുക്കു മനസ്സിലാക്കുവാൻ കഴിയും. അവന്റെ മരണപുനരുത്ഥാനങ്ങൾക്കുശേഷം, യുഗം ദൈവത്തിന്റെ കെട്ടിടമായ സഭയുടെ യുഗമായിത്തീർന്നു. സഭയുടെ കെട്ടുപണിക്കുവേണ്ടി ക്രിസ്തു പാറയാണ്. അവൻതന്നെ പത്രൊസിനോടു പറഞ്ഞതുപോലെ, "നീ ഒരു കല്ലാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്താ. 16:18, അക്ഷരാർഥത്തിൽ). ക്രൂശുമരണത്തിനും പുനരുത്ഥാനത്തിനുംശേഷം യുഗം പാറയുടെ യുഗം, കല്ലിന്റെ യുഗം ആയിത്തീർന്നു. ഇത് കെട്ടുപണിയുടെ യുഗമാണ്.

ക്രിസ്തുമതം, ലക്ഷ്യം തെറ്റിപ്പോയിട്ട് ഈ യുഗത്തെ ഏറെക്കുറെ വീണ്ടെടുപ്പിന്റെ യുഗം മാത്രമാക്കുന്നു. ആന്തരികജീവനുള്ള ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്ന ചിലർ അല്പംകൂടി മുന്നോട്ടു പോകുകയും ജയിക്കുന്ന സിംഹത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു. നൂറ്റാണ്ടുകളിലുടനീളം മിക്കവാറും ആരുംതന്നെ ഈ

യുഗം വെറും വീണ്ടെടുപ്പിന്റെയും ജയിക്കുന്നതിന്റെയും യുഗമല്ല, മുഖ്യമായും കെട്ടുപണിയുടെ യുഗമാണെന്ന് മനസ്സിലാക്കിയി ട്ടുണ്ടെന്ന് തോന്നുന്നില്ല. ക്രിസ്തു ഇന്ന് കല്ലാണ്. ഈ യുഗം കെട്ടുപണിയുടെ യുഗമാണെന്ന് നാം എല്ലാവരും കാണണം. അവനിപ്പോൾ സിംഹ-കുഞ്ഞാടു-കല്ല് ആണെന്നതിനായി കർത്താവിനെ സ്തുതിക്കുന്നു. അവന്റെ വിജയവും അവന്റെ വീണ്ടെടുപ്പും, അവൻ കല്ലായിരിക്കുന്നതിനു വേണ്ടിയായിരുന്നു. അവൻ ശത്രുവിനെ തോല്പിക്കാതെയും അകൃത്യം നീക്കാതെയും ഇരുന്നുവെങ്കിൽ ദൈവത്തിന്റെ കെട്ടുപണിയുടെ വേല നിർവഹിക്കുവാൻ അവന് യാതൊരു വഴിയും ഉണ്ടാകുമായി രുന്നില്ല. ഹല്ലേലൂയ്യാ! നമ്മുടെ കർത്താവായ യേശു ഇപ്പോൾ സിംഹ—കുഞ്ഞാടു—കല്ല് ആണ്!

ഈ കല്ലിന് ഏഴു കണ്ണുകളുണ്ട്. ഇത് നിർണ്ണായകമായ കാര്യമാണ്. ഈ ഏഴു കണ്ണുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളും, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ കത്തുകയും ജ്വലിക്കുകയും, ചെയ്യുന്ന ഏഴു വിളക്കുകളും ആണ്. കണ്ണുകളുടെ പ്രവർത്തനം എന്താണ്? തീർച്ചയായും അത് കാണുന്നതിനാണ്. എന്നാൽ ക്രിസ്തുവിന്റെ ഏഴു കണ്ണുകൾ വസ്തുക്കളെ കാണുന്ന തിനുവേണ്ടിയല്ല, പിന്നെയോ അവൻ നമ്മെ കാണുന്നതിനും നമ്മെ നോക്കുന്നതിനും വേണ്ടിയാണ്. പണിയുന്ന കല്ലിന്റെ ഏഴു കണ്ണുകൾ സന്നിവേശിപ്പിക്കുന്നതിനും നിവേശിപ്പിക്കു ന്നതിനും വേണ്ടിയാണ്. അവൻ നമ്മെ നോക്കുമ്പോഴെല്ലാം അവൻ സന്തുഷ്ടനാണോ അസന്തുഷ്ടനാണോ എന്നു നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അവൻ യാതൊന്നും പറയേണ്ട ആവശ്യമില്ല. നമ്മെ നോക്കുന്നതിലൂടെ അവനായിരിക്കുന്ന സകലവും നമ്മുടെ ആളത്തത്തിലേക്ക് അവൻ സന്നിവേശി പ്പിക്കുന്നു. തന്മൂലം, കണ്ണുകൾ സന്നിവേശിപ്പിക്കുന്നതിനും നിവേശിപ്പിക്കുന്നതിനും വേണ്ടിയാണ്. നാം നേരത്തേ പരാമർശിച്ചതുപോലെ, വേദപുസ്തകത്തിൽ ആത്മാവ് ജീവന്റെ ആത്മാവായതുകൊണ്ട്, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ജീവൻ പകരുന്നതിനു വേണ്ടിയാണ്. ഏഴു വിളക്കുകൾ ദൈവത്തിന്റെ നീക്കത്തിൽ പ്രകാശിപ്പിക്കുന്നതിനും, തിരയുന്നതിനും, തുറന്നു കാണിക്കുന്നതിനും, വിധിക്കുന്നതിനുമാണ്. ഇത് ദൈവത്തിന്റെ ഭരണനിർവഹണത്തിനു വേണ്ടിയാണ്. കണ്ണുകളാലുള്ള സന്നിവേശിപ്പിക്കലും, ദൈവാത്മാവിനാലുള്ള ജീവപകർച്ചയും, ഏഴു വിളക്കുകളാലുള്ള പ്രകാശിപ്പിക്കലും, തിരയലും, തുറന്നുകാട്ടലും, വിധിക്കലുമെല്ലാം വെളിപ്പാട് പുസ്തകത്തിൽ കണ്ടെത്തുവാൻ കഴിയും. ഇതെല്ലാം പുതിയ യെരൂശലേമിനു വേണ്ടിയാണ്. നാം സഭയിലേക്കു വരുന്നതിനുമുമ്പ്, ഇതുപോലൊന്ന് ഒരിക്കലും കേട്ടിട്ടില്ല. എന്നാൽ നാം സഭയിൽ ആയതിനുശേഷം നമ്മുടെ

മുഴുവൻ ജീവിതത്തിന്റെയും ഓരോ രഹസ്യവും തിരയുന്നതിന് എന്തോ ഒന്ന് നമ്മിൽ പ്രകാശിക്കുന്നതായി നാം അനുഭവിച്ചു.

## വ്യക്തിപരമായ ഒരു സാക്ഷ്യം

ഞാൻ സഭയിലേക്കു വരുന്നതിനുമുമ്പ്, രക്ഷിക്കപ്പെടുകയും കർത്താവിനെ സ്നേഹിക്കുകയും ചെയ്തിരുന്നു. ഞാൻ ലോകത്തെ സ്നേഹിച്ചില്ല. മറിച്ച്, ഞാൻ കർത്താവിനെ അന്വേഷിക്കുകയും, വേദപുസ്തകം പഠിക്കുകയും, എല്ലാ ദിവസവും പ്രാർഥിക്കുകയും ചെയ്യുന്ന ശുദ്ധമായ ഒരു യുവക്രിസ്ത്യാനിയായിരുന്നു. എങ്കിലും, ഞാൻ സഭയിലേക്കു വന്നതിനുശേഷം ഏതെങ്കിലും ഉപദേഷ്ടാവിനാലല്ല, ഉള്ളിലുള്ള എന്തോ ഒന്നിനാൽ, ഞാൻ സമ്പൂർണ്ണമായി പരിശോധിക്കപ്പെട്ടു. ആ സമയം, ഇന്ന് നമുക്കുള്ള പദപ്രയോഗങ്ങളൊന്നും എനിക്കുണ്ടായിരുന്നില്ല. എന്നിരുന്നാലും, ഞാൻ പരിശോധന അനുഭവിക്കുകയും കർത്താവിനോട് ഒരു സമ്പൂർണ്ണ ഏറ്റുപറച്ചിൽ നടത്തുകയും ചെയ്തു. സഭായോഗങ്ങളിലേക്കു വരുന്നതിനുമുമ്പ് വിഷയങ്ങൾ ഓരോന്നായി ഞാൻ സമ്പൂർണ്ണമായ ഒരു ഏറ്റുപറച്ചിൽ നടത്തുമായിരുന്നു. അത് എന്തൊരു തിരയലും, കുഴിക്കലുമായിരുന്നു! നമ്മിൽ അനേകർക്കും ഇതുപോലുള്ള അനുഭവം ഉണ്ടായിട്ടുണ്ട്. ഇതായിരുന്നു കർത്താവിന്റെ പ്രകാശിപ്പിക്കലിന്റെയും തിരയലിന്റെയും തുറന്നുകാട്ടലി ന്റെയും വിധിക്കലിന്റെയും അനുഭവം. യോഗങ്ങൾക്ക് ഞാൻ വരുമ്പോൾ ഞാൻ കടന്നുപോയ ന്യായവിധിയെ എനിക്ക് ഇപ്പോഴും ഓർക്കുവാൻ കഴിയും. ഞാൻ എന്നെത്തന്നെയും, എന്റെ പ്രകൃതത്തെയും, എന്റെ പഴയ മനുഷ്യനെയും, എന്റെ സഹജസ്വഭാവത്തെയും വെറുത്തു. ഓ, ഞാൻ എത്രമാത്രം എന്നെത്തന്നെ വെറുക്കുകയും വിധിക്കുകയും ചെയ്തുവെന്നോ! ഇതു ഞാൻ പ്രത്യേകിച്ചും കർത്തൃമേശയിൽ അനുഭവിച്ചിരുന്നു. ഒരുവശത്ത്, ഞാൻ കർത്താവിനെ ഓർക്കുകയായിരുന്നു, എന്നാൽ മറുവശത്ത്, ഞാൻ അവന്റെ ന്യായവിധിയിൻ കീഴിലായിരുന്നു. "നീ വളരെ ജഡികനും, വളരെ പ്രാകൃതനും, വളരെയധികം നിന്നിൽത്തന്നെയുള്ളവനുമാണ്. നീ ഇപ്പോഴും വളരെയധികം പഴയ സൃഷ്ടിയിലാണ്" എന്ന് അവൻ പറയുന്നതായി തോന്നി. ഞാൻ കർത്തൃമേശയിൽ ഇരുന്നപ്പോൾ ഞാൻ ഈ ആന്തരിക വിധിക്കലിൻ കീഴിലായിരുന്നു. ഇത് സഭയിലെ ജ്വലിക്കുന്ന വിളക്കുകളുടെ വേലയായിരുന്നു. ഇത് മുമ്പൊരിക്കലും ഞാൻ അനുഭവിച്ചിട്ടില്ലായിരുന്നു.

ഏഴു വിളക്കുകളുടെ ഈ ജ്വലിക്കലിന്റെ ഫലമായി കർത്താവായ യേശു എനിക്ക് വളരെ വിലയേറിയവനും, വളരെ പ്രിയനും, വളരെയധികം സ്നേഹിക്കത്തക്കവനും ആയിത്തീർന്നു.

കർത്താവിന്റെ അമൂല്യതയുടെയും മനോഹാരിതയുടെയും ആഴമേറിയ ബോധം മുമ്പൊരിക്കലും എനിക്കുണ്ടായിരുന്നില്ല. ഇത് കർത്താവായ യേശു അവനെത്തന്നെ എന്റെ ആളത്തത്തിലേക്ക് സന്നിവേശിപ്പിക്കുകയും നിവേശിപ്പിക്കുകയും ചെയ്യതായിരുന്നു. കർത്താവ് എനിക്ക് എത്രമാത്രം പ്രിയനും, വിലയേറിയവനും, ലഭ്യനും ആയിരുന്നു! അവൻ എനിക്ക് മനോഹരമായ ഒരു നിക്ഷേപമായിരുന്നു. ഞാൻ മുമ്പത്തേക്കാളധികം അവനെ സ്നേഹിച്ചു. ഞാൻ അവനാൽ വാസ്തവമായും നിവേശിപ്പിക്കപ്പെട്ടിരുന്നു. ആ സമയത്ത് ഞാൻ മൂന്നാം സ്വർഗത്തിലായിരിക്കുകയും, ഓരോ പാപവും ബലഹീനതയും എന്റെ കാൽക്കീഴിലായിരിക്കുകയും ചെയ്തു. യാതൊന്നിനെയും ജയിക്കുവാൻ ശ്രമിക്കേണ്ട ആവശ്യംപോലും എനിക്ക് ഉണ്ടായിരുന്നില്ല.

ഈ സന്നിവേശിപ്പിക്കലിനെത്തുടർന്ന്, ജീവന്റെ പകർച്ച ഉണ്ടായിരുന്നു. ഏഴു വിളക്കുകൾ ഏഴു കണ്ണുകളായും, ഏഴു കണ്ണുകൾ ഏഴ് ആത്മാക്കളായുംതീർന്നു. പ്രകാശിപ്പിക്കലും, തിരയലും, തുറന്നുകാട്ടലും, വിധിക്കലും എന്നിലേക്കുള്ള കർത്താവായ യേശുവിന്റെ സന്നിവേശിപ്പിക്കലിൽ കലാശിക്കുകയും, ഈ സന്നിവേശിപ്പിക്കൽ ജീവപകർച്ചയിൽ പര്യവസാനിക്കുകയും ചെയ്തു. ഞാൻ കൂടുതൽ ജീവൻ, ക്രിസ്തുതന്നെയായ ജീവൻ പ്രാപിച്ചു. ക്രിസ്തു അധികമായി എന്റെ ആളത്തത്തിലേക്കു ചേർക്കപ്പെട്ടു. അവൻ എന്റെ മുഴുവൻ ആളത്തത്തിലേക്ക് ആഴമായി പകരപ്പെട്ടു. ആ നാളുകളിൽ എനിക്ക് സാങ്കേതിക പദാവലി ഇല്ലായിരുന്നുവെങ്കിലും, എനിക്ക് അനുഭവം ഉണ്ടായിരുന്നു. തൽഫലമായി, എനിക്ക് അല്പം രൂപാന്തരം ഉണ്ടായിരിക്കുകുയും, സഭയെയും എന്നോടുകൂടെ കൂടിവന്ന സകല വിശുദ്ധന്മാരെയും സ്നേഹിക്കുകയും ചെയ്തു. ഇത് കെട്ടുപണിയായിരുന്നു.

## ഏഴു വിളക്കുകൾ ജീവജലത്തിന്റെ ഒഴുക്കായിത്തീരുന്നു

ആത്യന്തികമായി, ഈ കെട്ടിടം പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കും: അതായിരിക്കും അത്ഭുതവാനായ നമ്മുടെ ദൈവത്തിന്റെ ആത്യന്തികവും നിത്യവുമായ വികാസം. നിങ്ങൾക്ക് യോഹന്നാന്റെ സുവിശേഷത്തെയും വെളിപ്പാട് പുസ്തകത്തെയും, മുഴുവൻ വേദപുസ്തകത്തെപ്പോലും അറിയണമെന്നുണ്ടെങ്കിൽ, നിങ്ങൾ ഏഴു വിളക്കുകളെയും, ഏഴു കണ്ണുകളെയും, ദൈവത്തിന്റെ ഏഴ് ആത്മാക്കളെയും കാണണം. ഒടുവിൽ, പുതിയ യെരൂശലേം നിലവിൽ വരുന്നു, അതിൽ ദൈവത്തിന്റെ ഭരണനിർവഹണ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കൾ സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ജീവജലനദിയുടെ ഒഴുക്കായിത്തീരും. പുതിയ യെരൂശലേമിൽ,

ഭരണനിർവഹണം നടത്തുന്ന സിംഹാസനത്തിനു മുമ്പിലുള്ള ഏഴു വിളക്കുകൾ ജീവൻപകരുന്ന സിംഹാസനത്തിൽനിന്നും ഒഴുകുന്ന ജീവജലനദിയായിത്തീരുകയും, കല്ലായ അവൻതന്നെ നിത്യതയോളം നഗരത്തിലൂടെ ദൈവത്തെ പ്രകാശിപ്പിക്കുന്ന വിളക്കായിരിക്കുകയും ചെയ്യും. ഇവയാണ് വേദപുസ്തകത്തിലെ വെളിപാടിന്റെ നിർണ്ണായകമായ കാര്യങ്ങൾ. നാം എല്ലാവരും ഇവ കാണുമാറാകട്ടെ.